"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഹോമിയോപ്പതി വിഭാഗം - വാർഷിക പദ്ധതി 2024-25 — ഹോമിയോപ്പതി സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമുള്ള മൂലധന സഹായം - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.387/2024/AYUSH    തീയതി,തിരുവനന്തപുരം, 06-10-2024

---

പരാമർശം:-

1. ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 24.06.2024-ലെ 1059/പി1/2024/ഡി.എച്ച്.ടി.വി.എം നമ്പർ പ്രൊപ്പോസൽ.
2. ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23/08/2024-ൽ ചേർന്ന ഓൺലൈൻ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പിന് 2024-25 സാമ്പത്തിക വർഷത്തിൽ ക്യാപിറ്റൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ പരാമർശം 1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 23/08/2024 തീയതിയിൽ ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി പരിശോധിച്ചു.

2) 2024-25 സാമ്പത്തിക വർഷത്തിൽ 4210-02-110-76 (പ്ലാൻ) ക്യാപിറ്റൽ ശീർഷകത്തിൽ ഹോമിയോപ്പതി സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമുള്ള മൂലധന സഹായം എന്ന പദ്ധതി പ്രകാരം ഹോമിയോപ്പതി വകുപ്പിന് അനുവദിച്ചിട്ടുള്ള 300.00 ലക്ഷം രൂപയ്ക്ക് (മുന്നൂറ് ലക്ഷം രൂപ മാത്രം) പരാമർശം (2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവ്യവസ്ഥകൾക്കും ചില ഉപഘടകങ്ങൾക്കുള്ള പ്രത്യേക നിബന്ധനകൾക്കും വിധേയമായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**4210-02-110-76(പ്ലാൻ) ഹോമിയോപ്പതി സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമുള്ള മൂലധന സഹായം**

| ശീർഷകം - 4210-02-110-76 (പ്ലാൻ) | | | 300.00 ലക്ഷം |
|---|---|---|---|
| 1. 1. | കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രിയിൽ ജനനി പദ്ധതിക്കായുള്ള കെട്ടിട നിർമ്മാണത്തിന് | 300.00 ലക്ഷം | |
| ആകെ തുക | | | 300.00 ലക്ഷം |

3. എല്ലാ പർച്ചേസുകളും സ്റ്റോർ പർച്ചേസ് റൂൾസിന് വിധേയമായിരിക്കണം. ടെണ്ടർ /ഇ-ടെണ്ടർ നടപടികൾ ആവശ്യമായവയ്ക്ക് അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും സിവിൽ പ്രവൃത്തികൾ സി.പി.ഡബ്ല്യൂ.ഡി നിരക്കിലുമാണ് നടത്തേണ്ടത്. പ്രസ്തുത തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും

വാഹനങ്ങൾ വാങ്ങുന്നതും അനുവദനീയമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ (ഹെൽത്ത്-എ/പ്ലാനിംഗ്-ബി) വകുപ്പ്.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Namitha T

Date: 07-10-2024 10:18:14

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു.ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ-യ്ക്ക്.

ആയുഷ് വകുപ്പ് ജോയിൻ്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്.

ആയുഷ് (ബി3) വകുപ്പ്.